
# അദ്ധ്യായം - 30



***ഷിർദ്ദിയിലേക്ക് ആകർഷിക്കപ്പെട്ടു...***

***1. വാണിയിലെ കാക്കാജി വൈദ്യ 2.ബോംബെയിലെ പഞ്ചാബി രാമലാൽ.***

***ഈ അദ്ധ്യായത്തിൽ ഷിർദ്ദിയിലേക്കാകർഷിക്കപ്പെട്ട രണ്ടും ഭക്തന്മാരെപറ്റി പ്രതിപാദിക്കാം.***

## മുഖവുര

കരുണാനിധിയും ഭക്തപ്രിയനും ദയാപരനുമായ സായിക്ക് നമസ്കാരം ബാബയുടെ ദർശനംകൊണ്ടു മാത്രം ബാബ സംസാരഭയം അകറ്റി ആപത്തുകളെ ഇല്ലായ്മചെയ്യുന്നു. ബാബ ആദിയിൽ നിർഗ്ഗുണനായിരുന്നു. പക്ഷെ ഭക്തന്മാരുടെ ആഗ്രഹമനുസരിച്ച് ദേഹം കൈക്കൊണ്ടതാണ്. ഭക്തന്മാർക്ക് ആത്മജ്ഞാനം പ്രദാനം ചെയ്ത് മുക്തി കൊടുക്കലാണ് സിദ്ധന്മാരുടെ കൃത്യം. എന്നാൽ അവരിൽ പ്രധാനിയായ സായിക്ക് ആ കൃത്യം ഒഴിച്ചുകൂടാൻ വയ്യാത്തതാണ്. ബാബയുടെ പാദങ്ങൾ സ്മരിച്ച് പുണ്യസ്ഥലങ്ങളിൽ നിന്ന് ബ്രാഹ്മണർ ബാബയുടെ അടുക്കൽ വന്ന് ബാബയുടെ സാന്നിദ്ധ്യത്തിൽ

വേദപാരായണം ചെയ്യുകയും ഗായത്രി ജപിക്കുകയും ചെയ്തു. യാതൊരു ജ്ഞാനവുമില്ലാത്ത, ക്ഷീണിതരായ നമുക്ക് ഭക്തി എന്താണെന്നറിയുന്നില്ല. പക്ഷെ നമുക്കൊന്നറിയാം. എല്ലാവരും നമ്മെ ഉപേക്ഷിച്ചാലും സായിനാഥൻ നമ്മെ ഉപേക്ഷിക്കില്ല. അവിടുന്ന് ആഗ്രഹിക്കുന്നവർക്ക് അപാരമായ ശക്തി സിദ്ധിച്ച് സത്യാസത്യ വിവേചനമുണ്ടായി. ജ്ഞാനം കൈവരുന്നു.

സായി, ഭക്തന്മാരുടെ ഇംഗിതം പരിപൂർണ്ണമായി മനസ്സിലാക്കുകയും അവയെ സാധിപ്പിച്ചു കൊടുക്കുകയും ചെയ്യുന്നു. അങ്ങിനെ അവർക്ക് വേണ്ടത് കിട്ടുന്നതുകൊണ്ട് അവർ കൃതജ്ഞരാണ്. നാം അതുകൊണ്ട് ബാബയെ ആവാഹിച്ച് ബാബയുടെ മുന്നിൽ പ്രണാമം ചെയ്യുന്നു. നമ്മുടെ എല്ലാ തെറ്റുകുറ്റങ്ങളും മറന്ന് നമ്മെ ആശകളിൽ നിന്നും ബാബ രക്ഷിക്കട്ടെ. ദുരിതങ്ങളിൽപ്പെട്ടവൻ സായിയെ സ്മരിച്ച് ഇപ്രകാരം പ്രാർത്ഥിച്ചാൽ അയാൾക്ക് മനശാന്തിയും തൃപ്തിയും ബാബയുടെ അനുഗ്രഹത്താൽ കൈ വരുന്നതാകുന്നു.

ഈ സായി - ഈ കരുണാസമുദ്രം - തന്നെ അനുഗ്രഹിച്ചതിന്റെ ഫലമാണ് ഈ സായി സച്ചരിതം എന്നാണ് ഹേമദ്പാന്ത് പറയുന്നത്. അതല്ലാതെ മറ്റെന്തു യോഗ്യതയാണയാൾക്കുള്ളത്? ആർക്കാണ് ഈ കൃത്യം ഏറ്റെടുക്കാൻ കഴിയുക? പക്ഷെ സായി എല്ലാ ചുമതലകളും എറ്റെടുത്തതുകാരണം, ഹേമദ്പാന്തിനു വല്ലഭാരമോ, വിഷമമോ ഇക്കാര്യത്തിൽ നേരിട്ടില്ല. ശക്തമായ വിജ്ഞാന ശോഭ, അയാളുടെ വാക്കിന്നും തൂലികക്കും പ്രചോദനം കൊടുക്കാനുള്ളപ്പോൾ അയാൾക്ക് സംശയത്തിന്നോ സംഭ്രമത്തിന്നോ കാരണമെന്തുണ്ട്? ഈ പുസ്തകത്തിന്റെ രൂപത്തിൽ അയാളുടെ സേവനം സായിക്കു ലഭിച്ചു. അതിന് കാരണം അയാളുടെ മുജ്ജന്മസുകൃതം മാത്രമാണ്. അതുകൊണ്ടയാൾ താൻ ഭാഗ്യവാനും അനുഗ്രഹീതനു





മാണെന്ന് വിശ്വസിക്കുന്നു.

താഴെ പറയുന്ന കഥ വെറും ഒരു കഥയല്ല, അമൃത ധാരയാണ്. അത് പാനംചെയ്യുന്നവന് സായിയുടെ മാഹാത്മ്യവും സർവ്വാന്തര്യാമിത്വവും ബോദ്ധ്യമാവും. വിമർശിക്കാനും വാദിക്കാനും ഉദ്ദേശിക്കുന്നവർ ഈ കഥകൾ നോക്കേണ്ടതില്ല. ഇവിടെ വേണ്ടതു വാഗ്വാദമോ ചർച്ചയോ അല്ല. അതിരില്ലാത്ത ഭക്തിയും പ്രേമവുമാണ്. പാണ്ഡിത്യവും, ഭക്തിയും, വിശ്വാസവുമുള്ള സായിനാഥന്റെ ദാസന്മാരായി വിശ്വസിക്കുന്നവർ, ഈ കഥകൾ ഇഷ്ടപ്പെടുകയും ആസ്വാദിക്കുകയും ചെയ്യും. മറ്റുള്ളവർ ഇവ വെറും കെട്ടുകഥകളായി കണക്കാക്കും. സായിയുടെ ഭക്തന്മാരാവാൻ ഭാഗ്യമുള്ളവർ സായിലീലകളെ കല്പതരുപോലെ കാണും. ഈ സായിലീലകളാകുന്ന അമൃതം പാനം ചെയ്യൽ കൊണ്ടു മാത്രം അജ്ഞനായ ജീവന്നു മോചനവും, ഗൃഹസ്ഥന് സംതൃപ്തിയും അന്വേഷകന് സാധനയും സിദ്ധിക്കുന്നതാണ്. ഇനി ഈ അദ്ധ്യായത്തിലെ കഥയിലേക്കു പ്രവേശിക്കാം.

### കാക്കാജി വൈദ്യ

നാസിക്ക് ജില്ലയിലെ വാണിയിൽ കാക്കാജി വൈദ്യ എന്നുപേരായൊരാളുണ്ടായിരുന്നു. അയാൾ സപ്തശൃംഗീ ദേവിയുടെ പുരോഹിതനായിരുന്നു. പല ദുരിതങ്ങളും നേരിട്ട് അയാൾക്ക് മനശ്ശാന്തി നഷ്ടപ്പെട്ടു. അയാൾ കഷ്ടത്തിലായി. ഈ ചുറ്റുപാടിൽ അയാൾ ദേവിയുടെ അടുക്കൽപോയി, ഈ കഷ്ടപ്പാടുകളിൽനിന്ന് മോചനം കൊടുക്കാനായി മനം നൊന്തുപ്രാർത്ഥിച്ചു. ദേവി അയാളുടെ ഭക്തികണ്ട് സന്തുഷ്ടയായി അന്നുരാത്രി അയാൾക്ക് സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ഇപ്രകാരം പറഞ്ഞു 'നീ ബാബയുടെ അടുക്കൽ പോവുക. എന്നാൽ നിനക്ക് ശാന്തിയും സമാധാവനും

സിദ്ധിക്കും.' കാക്കാജിക്ക് ഈ ബാബ ആരാണെന്ന് ദേവിയോടന്വേഷിക്കണമെന്നുണ്ടായിരുന്നെങ്കിലും അപ്പോഴേക്കും അയാൾ ഉറക്കം ഉണർന്നുപോയി. പിന്നെ അയാൾ ദേവി നിർദ്ദേശിച്ച ബാബ, ആരായിരിക്കുമെന്ന് ആലോചിക്കാൻ തുടങ്ങി. കുറെ ആലോചിച്ച് അത് ത്ര്യംബകേശ്വരനായിരിക്കുമെന്ന് തീരുമാനിച്ചു. അങ്ങിനെ അയാൾ നാസിക്കിലെ ത്ര്യംബക്കിൽ പോയി പത്തു ദിവസം അവിടെ താമസിച്ചു. ഈ ദിവസങ്ങളിലെല്ലാം അയാൾ പ്രഭാതത്തിലെഴുന്നേറ്റു. കുളിച്ച് രുദ്രമന്ത്രം ജപിച്ച് ലിംഗത്തിന് അഭിഷേകം ചെയ്യലും മറ്റ് ചടങ്ങുകളും ചെയ്തുകൊണ്ടിരുന്നു. ഇതൊക്കെ ചെയ്തിട്ടും മനശ്ശാന്തി മാത്രം കിട്ടിയില്ല. പിന്നീട് അയാൾ നാട്ടിലേക്കുതന്നെ മടങ്ങിവന്ന് വീണ്ടും ദയ കാണിക്കാനായി ദേവിയോടുതന്നെ പ്രാർത്ഥിച്ചു. ആ രാത്രിയിൽ വീണ്ടും ദേവി സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു പറഞ്ഞു. 'നീയെന്തിന് വെറുതെ ത്ര്യംബകേശ്വരത്തിലേക്കുപോയി? ഞാൻ ബാബ എന്നതുകൊണ്ടുദ്ദേശിച്ചത് ഷിർദ്ദിയിലെ ശ്രീ സായി സമർത്ഥിനെയാണ്.' ഇപ്പോൾ കാക്കാജിയുടെ പ്രശ്നം എപ്പോൾ എങ്ങനെ ഷിർദ്ദിയിലെക്കു പോകണം. എങ്ങനെ സായി ബാബയെ കാണും. എന്നായി. ആരെങ്കിലും ആത്മാർത്ഥമായി സിദ്ധന്മാരെയോ ദൈവത്തെയോ കാണുവാൻ ആഗ്രഹി ക്കുന്നുണ്ടോ, ആ ആഗ്രഹം പൂർത്തീകരിക്കപ്പെടുക തന്നെ ചെയ്യും. യഥാർത്ഥത്തിൽ സത്ത്, ആനന്ദ് എന്നിവ ഒന്നുതന്നെയാണ്. അവർ തമ്മിൽ ലവലേശം വ്യത്യാസമില്ല. ഞാൻ തന്നത്താൻ ഒരു സിദ്ധനെ കാണും എന്നാരെങ്കിലും പറഞ്ഞാൽ അതൊരു വെറും വാക്കുമാത്രമാവും. ഋഷികല്പിതമില്ലെങ്കിൽ ആർക്കാണവരെ കാണാൻ കഴിയുക ? അദ്ദേഹത്തിന്റെ ആജ്ഞയില്ലാതെ ഒരിലപോലും ഇളകുന്നില്ല. ഒരു ഭക്തൻ ഭക്തിവിശ്വാസം വർദ്ധിപ്പിച്ച് ഋഷിമാരെ കാണാൻ

ആത്മാർത്ഥമായ ആഗ്രഹം ഉൾക്കൊള്ളുമ്പോൾ , ആ ആഗ്രഹം എത്രയും വേഗം അയാൾക്ക് സാദ്ധ്യപ്പെടുത്തി കൊടുക്കുന്നു. സന്ദർശനത്തിന് ക്ഷണിക്കുന്നവൻ സ്വീകരണത്തിനും ഏർപ്പാട് ചെയ്യണമല്ലോ, അതുപോലെതന്നെയാണ് കാക്കാജിക്കും സംഭവിച്ചത്.

## ശാമയുടെ പ്രാർത്ഥനകൾ

കാക്കാജി ഷിർദ്ദിക്കു പോവാനാഗ്രഹിച്ചിരിക്കുമ്പോൾ അയാളെ ഷിർദ്ദിക്കു കൊണ്ടുപോവാനായി അയാളുടെ അടുക്കൽ ഒരു അതിഥി വന്നു. അത് ബാബയുടെ ഏറ്റവും ഉത്തമഭക്തനായ ശാമ തന്നെയായിരുന്നു. അയാൾ ഈ സമയം വാണിയിലെത്തിയതെങ്ങനെ എന്നുനോക്കാം. ശാമ, ചെറിയ കുട്ടിയായിരിക്കുമ്പോൾ ഒരു രോഗം പിടിപ്പെട്ട് അപകട സ്ഥിതിയിലായപ്പോൾ അയാളുടെ അമ്മ അയാളെ അവരുടെ കുടുംബ ദൈവമായ വാണിയിലെ സപ്തശൃംഗീ ദേവിക്ക് അർപ്പിക്കാമെന്ന് പ്രാർത്ഥിച്ചിരുന്നു. പിന്നെ കുറെക്കാലം കഴിഞ്ഞപ്പോൾ അമ്മക്കു മുലമേൽ വട്ടച്ചൊറി പിടിപെട്ട് കഷ്ടപ്പാടായി. അന്നേരം വീണ്ടു കുടുംബ ദൈവത്തിന് രണ്ട് വെള്ളിമുലകൾ വഴിപാട് കൊടുക്കാമെന്ന് പ്രാർത്ഥിച്ചു ഈ രണ്ടു പ്രാർത്ഥനകൾ പൂർത്തിയാക്കാതെ കിടന്നിരുന്നു. അമ്മ മരിക്കാൻ കിടക്കുമ്പോൾ മകൻ ശാമയെ വിളിച്ച് ഈ പ്രാർത്ഥനകൾ ഓർമ്മിപ്പിക്കുകയും അവ നടത്തിക്കോളാമെന്ന് ശാമ വാക്കുകൊടുത്തത് കേട്ട് അവർ അന്ത്യശാസം വലിക്കുകയും ചെയ്തു. കുറച്ചുകാലം കഴിഞ്ഞപ്പോൾ ശാമ ഈ പ്രാർത്ഥനകൾ തീരെ മറന്നു. അങ്ങിനെ മുപ്പതു വർഷങ്ങൾ കഴിഞ്ഞു. ഈ കാലത്ത് ഷിർദ്ദിയിൽ പ്രശസ്തനായ ഒരു ജ്യോത്സ്യൻ വന്നു ഒരു മാസം താമസിച്ചു. അയാൾ ശ്രീമാൻ ഭൂട്ടിയെ പറ്റിയും മറ്റും പറഞ്ഞ സംഗതികൾ ശരിയായതിനാൽ എല്ലാവർക്കും വളരെ തൃപ്തനായി. ശാമയുടെ അനുജൻ





ബാപ്പാജി ഈ ജ്യോത്സ്യനെക്കൊണ്ട് പ്രശ്നം വെപ്പിച്ചു നോക്കിയപ്പോൾ ജ്യേഷ്ഠൻ വാഗ്ദത്തം ചെയ്ത പ്രാർത്ഥനകൾ നിർവ്വഹിച്ചിട്ടില്ലെന്നും അതുകൊണ്ട് ദേവിക്ക് സന്തോഷക്കേടു ണ്ടെന്നുംകുറച്ചു ഉപദ്രവങ്ങൾ അതുകൊണ്ടുണ്ടായിരിക്കു മെന്നും കണ്ടു. ബാപ്പാജി, ഈ വിവരം ശാമയോട് പറഞ്ഞപ്പോളാണ് അയാൾ സംഗതി ഓർമ്മിച്ചത്. ഇനി ഒട്ടും താമസിച്ചുകൂടെന്ന് നിശ്ചയിച്ച് ഒരു തട്ടാനെക്കൊണ്ട് വെള്ളിമുലകൾ ഉടനെ ഉണ്ടാക്കിച്ചു, അതും കൊണ്ടയാൾ മസ്ജിദ്ദിൽ പോയി. അവ ബാബയുടെ കയ്യിൽകൊടുത്ത് ബാബയാണ് അയാളുടെ സപ്തശൃംഗിമാതാവെന്നും അതുകൊണ്ട് പ്രാർത്ഥന നിർവ്വഹിച്ചതായി സ്വീകരിക്കണ മെന്നും അപേക്ഷിച്ചു. അപ്പോൾ ബാബ, അയാൾ തന്നെ സപ്തശൃംഗിക്ഷേത്രത്തിൽ നേരിട്ടു പോയി പ്രാർത്ഥന പൂർത്തിയാക്കണമെന്ന് നിർബന്ധിച്ചു പറഞ്ഞു. അങ്ങിനെ ബാബയുടെ അനുവാദവും ഉധിയും വാങ്ങി ശാമ, വാണിയിലെത്തി പുരോഹിതനെ അന്വേഷിച്ചുകൊണ്ടാണ് കാക്കാജിയുടെ വീട്ടിലെത്തിയത്. കാക്കാജി ബാബയെകാണാൻ ധൃതിയായിക്കൊണ്ടിരിക്കുമ്പോഴാണ് ശാമ അവിടെ എത്തിയത്. എന്തൊരു സമാന്തര സംഭവങ്ങളാണെന്നു നോക്കൂ! കാക്കാജി അയാളാരാണെന്നും എപ്പോൾ എത്തി എന്നും മറ്റും ചോദിച്ചതിന് താൻ ഷിർദ്ദിയിൽനിന്നാണ് വരുന്നതെന്ന് ശാമ പറഞ്ഞപ്പോൾ അയാളെ കെട്ടിപ്പിടിച്ചു. അയാൾ ഭക്തികൊണ്ട് അത്രമാത്രം പരവശനായിപ്പോയി. പിന്നീടവർ സായിലീലകളെക്കുറിച്ച് സംസാരിക്കുകയും ശാമയുടെ പ്രാർത്ഥനകൾ നിർവ്വഹിച്ചതിൽ പിന്നെ രണ്ടുപേരും കൂടി ഷിർദ്ദിയിലേക്ക് പുറപ്പെടുകയും ചെയ്തു. ഷിർദ്ദിയിലെത്തി കാക്കാജി, മസ്ജിദ്ദിൽപോയി ബാബയുടെ കാല്ക്കൽ വീണു അയാളുടെ കണ്ണിൽ വെള്ളം നിറഞ്ഞു. അതോടെ മനശ്ശാന്തിയും സിദ്ധിച്ചു. ദേവിയുടെ

വാക്കുകൾ പ്രകാരം തന്നെ ആയാൾ ബാബയെ കണ്ടമാത്രയിൽ തന്നെ മനശ്ശാന്തി അനുഭവിച്ചു. കാക്കാജി മനസ്സിൽ കരുതി എന്തൊരു മാസ്മരശക്തിയാണിത്! ബാബ ഒന്നും പറഞ്ഞില്ല. യാതൊരു ചോദ്യമോ ഉത്തരമോ ഉണ്ടായില്ല. അനുഗ്രഹ വാക്കുകൾ പറഞ്ഞില്ല. ദർശനംകൊണ്ടുമാത്രം സന്തോഷം ലഭിക്കുന്നു. ദർശനംകൊണ്ടുമാത്രം മനസ്സിന്റെ വ്യാകുലത തീർന്നിരിക്കുന്നു. ഞാൻ ആനന്ദം അനുഭവിക്കുന്നു. ഇതിന്നാണ് 'ദർശനമാഹാത്മ്യം' എന്ന് പറയുന്നത്. അയാൾ ദൃഷ്ടി, സായി പാദങ്ങളിൽ ഉറപ്പിച്ചു. ഒന്നും പറയാൻ ശക്തിനായില്ല. ബാബയുടെ ലീലകളെ കേട്ട് അയാൾക്ക് സീമാതീതമായ ആനന്ദം ലഭിച്ചു. അയാൾ ബാബക്ക് ആത്മാർപ്പണം ചെയ്ത് പരമാനന്ദം അനുഭവിച്ചു. പന്ത്രണ്ടുദിവസത്തോളം അവിടെ താമസിച്ച് ബാബയുടെ അനുഗ്രഹവും ഉധിയും വാങ്ങി വീട്ടിലേക്ക് മടങ്ങി.

## റഹടയിലെ കുഷൽചന്ദ്

പ്രാതസ്വപ്നം അനുഭവത്തിൽ വരുമെന്ന് ചൊല്ലുണ്ട്. അത് ശരിയായിരിക്കാം. പക്ഷെ ബാബ കൊടുക്കുന്ന സ്വപ്നങ്ങൾക്ക് സമയത്തിന്റെ നിബന്ധനകളൊന്നുമില്ല ഉദാഹരണമായി ബാബ, കാക്കാസാഹെബ് ദീക്ഷിത്തിനോട് റഹടയിൽപോയി കുഷൽചന്ദിനെ കുറെക്കാലമായി കാണാത്തതുകൊണ്ട് ഷിർദ്ദിക്ക് കൂട്ടിക്കൊണ്ടുവരാൻ പറഞ്ഞു. കാക്കാ സാഹെബ് കുതിരവണ്ടി പിടിച്ച് റഹടയിൽ പോയി കുഷൽചന്ദിനോട് ബാബ പറഞ്ഞയച്ചവിവരം പറഞ്ഞു. ഇതുകേട്ട് അയാൾ വിസ്മയിച്ചു. അയാൾ ഉച്ചക്ക് ഒന്നു മയങ്ങിയപ്പോൾ ബാബ പ്രത്യക്ഷപ്പെട്ട് ഷിർദ്ദിക്ക് വരാൻ പറഞ്ഞെന്നും പോവാനൊരുങ്ങിയിരിക്കാണെന്നും അയാൾപറഞ്ഞു. ഒരു കുതിരവണ്ടി കിട്ടാത്തതിനാൽ മകനെ ബാബയുടെ

അടുക്കലേക്ക് വിവരം പറയാൻ അയച്ചതായിരുന്നു. അയാൾ ഗ്രാമാതിർത്തിയിലെത്തുമ്പോഴേക്കും ദീക്ഷിത്തിന്റെ കുതിരവണ്ടി വന്നു. ദീക്ഷിത് അയാളെ കൂട്ടാനാണ് വന്നതെന്ന്പറഞ്ഞ് കുഷൽചന്ദിനേയും കൂട്ടി അതേ വണ്ടിയിൽ ഷിർദ്ദിയിലേക്ക് പോയി. കുഷൽചന്ദ് ബാബയെ കണ്ട് സന്തുഷ്ടനായി. ബാബയുടെ ലീലകളിൽ അയാൾ ആനന്ദവാനായി.

## ബോംബെയിലെ പഞ്ചാബി രാമലാൽ

ഒരിക്കൽ ബോംബെയിലെ പഞ്ചാബി രാമലാൽ എന്നൊരാൾക്ക് ബാബ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ഷിർദ്ദിയിലേക്ക് ചെല്ലാൻ പറഞ്ഞു. ബാബ ഒരു ഋഷിരൂപത്തിൽ പ്രത്യക്ഷപ്പെട്ടെങ്കിലും എവിടെയാണുള്ളതെന്നൊന്നും അയാൾക്കറിയില്ലായിരുന്നു. ബാബയെപ്പോയി കാണാൻ നിശ്ചയിച്ചുവെങ്കിലും വിവരങ്ങളൊന്നും അറിയാത്തതിൽ അയാൾ വിഷമിച്ചു. പക്ഷെ അഭിമുഖ സംഭാഷണത്തിന് ക്ഷണിക്കുന്നവർ അതിന് ഏർപ്പാട് ചെയ്യണമല്ലോ. അതു തന്നെ ഇതിലും സംഭവിച്ചു. അയാൾ അന്നു വൈകുന്നേരം തെരുവിൽകൂടി നടക്കുമ്പോൾ ബാബയുടെ ഒരു പടം കണ്ടു. ആയാൾ സ്വപ്നത്തിൽ കണ്ട ഋഷി ഇതേ രൂപത്തിലായിരുന്നു. അന്വേഷണത്തിൽ ആ പടം ഷിർദ്ദിയിലെ സായി ബാബയുടെതാണെന്ന് മനസ്സിലായി. ഉടനെ അയാൾ ഷിർദ്ദിയിലേക്കു പോവുകയും മരണം വരെ അവിടെ താമസിക്കുകയും ചെയ്തു.

ഇങ്ങിനെ ബാബ, ഭക്തന്മാരെ ഷിർദ്ദിയിലേക്ക് ദർശനാവശ്യാർത്ഥം വരുത്തി അവരുടെ ലൗകികവും ആദ്ധ്യാത്മികവുമായ ആവശ്യങ്ങൾ സാധിപ്പിച്ചു കൊടുത്തു.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ !